# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 319 20.06.2019 ലെ മറുപടിയ്ക്ക്

### <u>ഗൾഫ് വിമാന യാത്രാക്കൂലി വർദ്ധനവ്</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീമതി.ഇ.എസ്.ബിജിമോൾ<br>ശ്രീമതി.ഗീതാ ഗോപി<br>ശ്രീ.വി.ആർ.സുനിൽകുമാർ<br>ശ്രീ.ഇ.ടി.ടൈസൺ മാസ്റ്റർ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ഉത്സവ സീസണുകളിലും മറ്റ് സംസ്ഥാനത്ത് നിന്നും ഗൾഫ് മേഖലയിലേക്കും തിരിച്ചും യാത്രക്കാരുടെ വലിയ തിരക്കനുഭവപ്പെടുന്നതിനാൽ വിമാന യാത്രാക്കൂലി വൻതോതിൽ ഉയരുന്നതും ആവശ്യമായ വിമാന സർവ്വീസുകൾ ലഭ്യമല്ലാത്തതുമായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) സംസ്ഥാനത്ത് നിന്ന് ഗൾഫ് മേഖലയിലേക്കുള്ള വിമാന യാത്രയ്ക്ക് പീക്ക് സീസണുകളിൽ നിശ്ചിത കാലയളവിലേക്ക് വിദേശ വിമാനകമ്പനികൾക്ക് കൂടുതൽ സീറ്റ് അനുവദിക്കുന്നതിനായി കേന്ദ്രവ്യോമയാന മന്ത്രാലയത്തിൽ നിന്നും അനുമതി നേടിയെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ), (ബി), (സി) & (ഡി) കേരളത്തിൽനിന്നും ഗൾഫ് നാടുകളിലേയ്ക്കുള്ള യാത്രാ ചാർജ് വിമാന കമ്പനികൾ ഉത്സവ സീസണിൽ തിരക്കനുസരിച്ച് വർദ്ധിപ്പിക്കുന്നതും, ആവശ്യമായ വിമാന സർവ്വീസുകൾ ലഭ്യമല്ലാത്ത സാഹചര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിൽ നിന്നും ഗൾഫ് രാജ്യങ്ങളിലേയ്ക്കും തിരിച്ചും വർഷം മുഴുവൻ വിവിധ നിലയിലെ ടിക്കറ്റ് നിരക്കാണ് ഈടാക്കുന്നത്. തിരക്ക് കുറഞ്ഞ സമയത്ത് യാത്രക്കാരുടെ എണ്ണത്തിലുള്ള കുറവും വിദേശ എയർലൈനുകളുടെ കടുത്ത മത്സരവും കാരണം കുറഞ്ഞ നിരക്കാണ് ഈടാക്കുന്നത്. തിരക്കുള്ള സമയത്ത് നേരത്തേ ബുക്ക് ചെയ്യുന്നവർക്ക് കുറഞ്ഞ നിരക്കിലും അവസാന നിമിഷം ബുക്ക് ചെയ്യുന്നവർക്ക് IATA/DGCA അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തുന്ന നിരക്കിലും ടിക്കറ്റ് വാങ്ങേണ്ടി വരും. ലോകത്തെ എല്ലാ എയർലൈനുകളും ടിക്കറ്റ് നിരക്ക് ഈടാക്കുന്നത് ഈ രീതിയിലാണ്. |

(സി) ഗൾഫ് മേഖലയിലേക്ക് കൂടുതൽ തിരക്കനുഭവപ്പെടുന്ന കാലയളവ് മുൻകൂട്ടിക്കണ്ട് ആയതിന് ആനുപാതികമായി വിമാനങ്ങളിൽ കൂടുതൽ സീറ്റുകൾ അനുവദിയ്ക്കുന്നതിന് വ്യോമയാന മന്ത്രാലയത്തിന്റെ മുന്നനുമതി നേടിയെടുത്താൽ വിമാന യാത്രാക്കൂലി കുത്തനെ ഉയർത്തുന്ന പ്രവണത വിമാനക്കമ്പനികൾ ഒഴിവാക്കുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) തിരക്കേറിയ സമയത്ത് കൂടുതൽ നിരക്ക് ഈടാക്കി വരുന്നത് അവസാനിപ്പിക്കുന്നത് സംബന്ധിച്ച് കേന്ദ്രവ്യോമയാന മന്ത്രാലയവുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കുമോ?

അവധിക്കാലങ്ങളിലും മറ്റ് വിശേഷ ദിവസങ്ങളിലും വിമാനക്കമ്പനികൾ പ്രവാസികളിൽ നിന്നും ഉയർന്ന നിരക്കുകൾ ഈടാക്കുന്നു എന്നും ഇക്കാര്യത്തിൽ ഇടപെടണമെന്നും കേന്ദ്ര വ്യോമയാന മന്ത്രാലയത്തിനോട് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിരുന്നു. എന്നാൽ വിമാന യാത്രാ നിരക്കുകൾ നിശ്ചയിക്കുന്നത് കേന്ദ്രവ്യോമയാന മന്ത്രാലയമല്ലെന്നും, 1937 ലെ എയർക്രാഫ്റ്റ് ചട്ടങ്ങൾ പ്രകാരം സർവ്വീസിന്റെ പ്രത്യേകത, നടത്തിപ്പ്, ചെലവ്, മിതമായ ലാഭം, യാത്രക്കാരുടെ തിരക്ക് എന്നിവ പരിഗണിച്ച് യാത്രാ നിരക്ക് നിശ്ചയിക്കുന്നതിന് വിമാന കമ്പനികൾക്ക് പൂർണ്ണ അധികാരമുണ്ടെന്നുമാണ് കേന്ദ്രവ്യോമയാന മന്ത്രാലയത്തിന്റെ നിലപാട്. മാത്രവുമല്ല, ലോകത്തിലെ എല്ലാ വിമാന കമ്പനികളും യാത്രക്കാരുടെ തിരക്കിനനുസരിച്ചാണ് അവരുടെ വിമാന യാത്രാനിരക്കുകൾ ക്രമീകരിച്ചിരിക്കുന്നത്. ആയതിനാൽ സംസ്ഥാന സർക്കാരിന് ഈ വിഷയത്തിൽ ഇടപെടുന്നതിന് പരിമിതികളുണ്ട്. എന്നിരുന്നാലും സംസ്ഥാനത്തെ വിമാനത്താവളങ്ങളിൽ നിന്നുമുള്ള ആഭ്യന്തര/വിദേശ സർവ്വീസുകളുടെ യാത്രാച്ചെലവ് കുറയ്ക്കുന്നതിലേക്കായി വിമാന ടിക്കറ്റുകളുടെ നിരക്ക് നിർണ്ണയിക്കുന്നതിൽ പ്രധാന ഘടകമായ ഏവിയേഷൻ ടർബൈൻ ഫ്യൂവലിന്മേൽ (ATF) ചുമത്തിയിരുന്ന KGST 5 ശതമാനമായി കുറച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ യാത്രാ ക്ലേശം പരിഹരിക്കുന്നതിലേയ്ക്കായി അധിക ആഭ്യന്തര/അന്താരാഷ്ട്ര വിമാന സർവ്വീസുകൾ നടത്തുന്നതിനുള്ള

നടപടികൾ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ സ്വീകരിച്ചിട്ടുണ്ട്.

കൂടാതെ ഇന്ത്യയിൽ നിന്നും വിദേശത്തേക്കും തിരിച്ചും ഒമാൻ എയർലൈൻസിൽ ഇക്കണോമി/ ബിസിനസ്സ് ക്ലാസ്സിൽ യാത്ര ചെയ്യുന്ന നോർക്ക തിരിച്ചറിയൽ കാർഡ് ഉള്ള വിദേശ മലയാളികൾക്ക് (ഭാര്യ/ഭർത്താവ്, 8 വയസ്സിന് താഴെയുള്ള കുട്ടികൾ ഉൾപ്പെടെ) ടിക്കറ്റ് നിരക്കിൽ 7% ഇളവ് അനുവദിക്കുന്ന ഒമാൻ ഫെയർ എന്ന പദ്ധതി നോർക്ക-റൂട്ട്സ് മുഖേന നടപ്പിലാക്കി വരുന്നുണ്ട്. മറ്റ് വിമാനക്കമ്പനികളുമായും ഇത്തരത്തിൽ യാത്രാ നിരക്ക് ഇളവ് അനുവദിക്കുന്നതിനുള്ള ചർച്ചകൾ നടക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ